# ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 10.04.2025** **TIME : 12.50 AM**

## പ്രധാന വാർത്തകൾ

01. സ്ലൊവാക്യ പര്യടനം തുടരുന്ന രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ഇന്ത്യ-സ്ലൊവാക്യ ബിസിനസ് ഫോറത്തെ അഭിസംബോധന ചെയ്യും.

**President Droupadi Murmu, continues her visit to Slovakia, President will address the India-Slovakia Business Forum today.**

02. 2023-ലെ വ്യക്തിഗത ഡിജിറ്റൽ വിവര സംരക്ഷണ നിയമവുമായി, പുതിയ ആധാർ നിയമം സംയോജിപ്പിക്കുമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്.

**Union Minister Ashwini Vaishnav says that the new Aadhaar Act will be integrated with the Personal Digital Data Protection Act of 2023.**

03 മുംബൈ ഭീകരാക്രമണ കേസ് പ്രതി തഹാവൂർ റാണയെ ഇന്ന് ഇന്ത്യയിലെത്തിക്കും, കേസിൽസ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറായി നരേന്ദർ മാനെ നിയമിച്ച് കേന്ദ്ര സർക്കാർ.

**Mumbai terror attack case accused Tahavor Rana will be brought to India today, the central government appoints Narendra Mann as the special public prosecutor in the case.**

04 കേരളത്തിൽ കെ സ്മാർട്ട് സംവിധാനം ത്രിതല പഞ്ചായത്തുകളിലേക്കും വ്യാപിപ്പിച്ചു, മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു.

**In Kerala, the K-Smart system extends to Local self govt, CM Pinarayi Vijayan inaugurates the function**

**05 ഇന്ന് മഹാവീർ ജയന്തി, ആശംസകൾ നേർന്ന് രാഷ്ട്രപതിയും ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയും ഉൾപ്പെടെയുള്ള പ്രമുഖർ.**

**Mahavir Jayanti is being celebrated across the country today, prominent figures including the President, Vice President and Prime Minister extend their greetings.**

**06 ലോസ് ഏഞ്ചൽസ് ഒളിമ്പിക്സിൽ ക്രിക്കറ്റ് മത്സരങ്ങൾ ടി20 ഫോർമാറ്റിൽ നടത്തുമെന്ന് അന്താരാഷ്ട്ര ഒളിമ്പിക് കമ്മിറ്റി ; ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബംഗളൂരു, ഡൽഹി ക്യാപിറ്റൽസുമായി ഏറ്റുമുട്ടും.**

**International Olympic Committee says that cricket matches will be held in T20 format at the Los Angeles Olympics; In IPL cricket, Royal Challengers Bangalore will face Delhi Capitals today.**

**&&&&&&&&&&&&&&&&&&&**

## HEADLINE-1

**PRESIDENT – SLOVAKAIA VISIT**

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ സ്ലൊവാക്യൻ സന്ദർശനം തുടരുന്നു. ഇന്ന് നൈട്ര സർവകലാശാലയിൽ നടക്കുന്ന ഇന്ത്യ-സ്ലൊവാക്യ ബിസിനസ് ഫോറത്തെ രാഷ്ട്രപതി അഭിസംബോധന ചെയ്യും. ചരിത്രപ്രസിദ്ധമായ ബ്രാറ്റിസ്ലാവ കാസിലിൽ പ്രസിഡന്റ് പീറ്റർ പെല്ലെഗ്രിനി ഒരുക്കിയ വിരുന്നിൽ രാഷ്ട്രപതി പങ്കെടുത്തു. ഊഷ്മളമായ ആതിഥ്യത്തിന് സ്ലോവാക്യ സർക്കാരിനും ജനങ്ങൾക്കും രാഷ്ട്രപതി നന്ദി പറഞ്ഞു. യോഗ, ആയുർവേദം മുതൽ പാചകരീതി വരെ, ഇന്ത്യൻ സംസ്കാരത്തോടുള്ള സ്ലോവാക്യയുടെ സ്നേഹം ഇരു രാജ്യങ്ങളും തമ്മിലുള്ള ശക്തമായ ബന്ധത്തിന്റെ തെളിവാണെന്ന് ശ്രീമതി മുർമു പറഞ്ഞു.

**&&&&&&&&&&&&&&&&&&&**

## HEADLINE-2

**ASHWINI-AADHAR (INTRO)**

***2023-ലെ വ്യക്തിഗത ഡിജിറ്റൽ വിവര സംരക്ഷണ നിയമവുമായി, പുതിയ ആധാർ നിയമം സംയോജിപ്പിക്കുമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്. ഉപയോക്തൃ താൽപര്യത്തിന് പ്രാധാന്യം നൽകി, പഴുതടച്ച നിയമ നിർമ്മാണത്തിലൂടെ ആധാർ നിയമത്തിന്റെ ആധുനിക പതിപ്പ് കൊണ്ടുവരണമെന്നും അദ്ദേഹം പറഞ്ഞു.***

*(ഹോൾഡ്-വോയ്സ്)*

**&&&&&&&&&&&&&&&&&&&&**

**HEADLINE-3**

**HOME MINISTRY - RANA**

2008 മുംബൈ ഭീകരാക്രമണ കേസിലെ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറായി അഭിഭാഷകനായ നരേന്ദർ മാനെ കേന്ദ്ര സർക്കാർ നിയമിച്ചു. ദേശീയ അന്വേഷണ ഏജൻസിക്കുവേണ്ടി മൂന്ന് വർഷത്തേക്ക് വിചാരണ നടത്തുന്നതിന് നരേന്ദർ മാനെ നിയമിച്ചു കൊണ്ടുള്ള വിജ്ഞാപനം കേന്ദ്ര ആഭ്യന്തര മന്ത്രാലയം പുറത്തിറക്കി. കേസിലെ പ്രതി തഹാവൂർ റാണയെ ഇന്ന് ഇന്ത്യയിലെത്തിക്കുന്ന സാഹചര്യത്തിലാണ് നടപടി.

**&&&&&&&&&&&&&&&&&&&&**

**HEADLINE-5**

**PREZ-VP- MAHAVIR JAYANTI**

മഹാവീർ ജയന്തി ദിനത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, പ്രധാനമന്ത്രി നരേന്ദ്രമോദി എന്നിവരെയുൾപ്പെടെയുള്ള പ്രമുഖർ ജനങ്ങൾക്ക്, പ്രത്യേകിച്ച് ജൈന സമൂഹത്തിന് ആശംസകൾ നേർന്നു. അഹിംസയാണ് പരമോന്നത മതം എന്ന സന്ദേശത്തിലൂടെ മഹാവീർ മനുഷ്യരാശിക്ക് പുതിയ പാത കാണിച്ചു കൊടുത്തതായി രാഷ്ട്രപതി സന്ദേശത്തിൽ പറഞ്ഞു. എല്ലാ ജീവജാലങ്ങളുടെയും സമത്വത്തെ കുറിച്ചുള്ള മഹാവീരന്റെ

സന്ദേശം ഇന്നും ഏറെ പ്രസക്തമാണെന്ന് ഉപരാഷ്ട്രപതി പറഞ്ഞു. മഹാവീരന്റെ ദർശനം നിറവേറ്റുന്നതിൽ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&&

**BIHAR -MAHA-MAHAVIR JAYANTI**

മഹാരാഷ്ട്ര, ബീഹാർ എന്നിവിടങ്ങളിൽ മഹാവീർ ജയന്തി ഭക്ത്യാദരപൂർവ്വം ആഘോഷിക്കുന്നു. മഹാവീരന്റെ ജന്മസ്ഥലമായ ബിഹാറിലെ വൈശാലി ജില്ലയിലെ കുന്ദൽപൂരിൽ ശോഭ യാത്ര ഉൾപ്പെടെയുള്ള പരിപാടികൾ നടക്കുന്നു. വർദ്ധമാന മഹാവീർ മോക്ഷം നേടിയ 24-ാം ജൈന തീർത്ഥങ്കരവുമായി ബന്ധപ്പെട്ട നളന്ദയിലെ പാവപുരിയിൽ ജൈന ഭക്തരും അനുയായികളും ഒത്തുകൂടി പ്രാർത്ഥനകൾ അർപ്പിക്കുന്നു. ബീഹാർ ഗവർണർ ആരിഫ് മുഹമ്മദ് ഖാനും മുഖ്യമന്ത്രി നിതീഷ് കുമാറും ജനങ്ങൾക്ക് ജയന്തി ആശംസകൾ നേർന്നു.

&&&&&&&&&&&&&&&&&&&

**PM - UP AND MP**

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ഉത്തർപ്രദേശും മധ്യപ്രദേശും സന്ദർശിക്കും. വാരാണസിയിൽ 3,880 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് അദ്ദേഹം തുടക്കം കുറിക്കും. 70 വയസ്സിനു മുകളിലുള്ള മുതിർന്ന പൗരന്മാർക്കായുള്ള ആയുഷ്മാൻ വയ വന്ദന കാർഡുകൾ ശ്രീ.മോദി കൈമാറും. വാരാണസി ഡിവിഷനിലെ ജൗൻപൂർ, ചന്ദൗലി, ഗാസിപൂർ ജില്ലകളിൽ 1,045 കോടി രൂപയിലധികം ചെലവിൽ പൂർത്തിയാക്കിയ ട്രാൻസ്മിഷൻ സബ്സ്റ്റേഷനുകളും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. തുടർന്ന് മധ്യപ്രദേശിലെ ആനന്ദ്പൂർ ധാമിൽ പൊതുപരിപാടിയെ പ്രധാനമന്ത്രി നരേന്ദ്രമോദി അഭിസംബോധന ചെയ്യും.

&&&&&&&&&&&&&&&&&&&

**GLOBAL TECHNOLOGY SUMMIT**

9-ാമത് ഗ്ലോബൽ ടെക്നോളജി ഉച്ചകോടി-GTS 2025 ഇന്ന് മുതൽ ന്യൂഡൽഹിയിൽ നടക്കും. ഉയർന്നുവരുന്ന സാങ്കേതികവിദ്യകൾക്ക് സമഗ്രമായ വളർച്ചയെ എങ്ങനെ നയിക്കാമെന്നും ഡിജിറ്റൽ രംഗം എങ്ങനെ ശക്തിപ്പെടുത്താമെന്നും മൂന്ന് ദിവസത്തെ ഉച്ചകോടി ചർച്ച ചെയ്യും.

**&&&&&&&&&&&&&&&&&&&**

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്........

**&&&&&&&&&&&&&&&&&&&**

## HEADLINE-4

**K- SMART**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സേവനങ്ങൾ ഓൺലൈനാകുന്നത് ജനങ്ങൾക്ക് ഉപകാരപ്രദമാകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കെ-സ്മാർട്ട് ത്രിതല പഞ്ചായത്തുകളിലേയ്ക്ക് വിന്യസിക്കുന്ന സംവിധാനം തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. സർക്കാർ ഓഫീസുകളിലേയ്ക്ക് എത്താതെ തന്നെ ജനങ്ങൾക്ക് അവശ്യ സേവനങ്ങൾ വീട്ടിലിരുന്ന് ലഭ്യമാകുമെന്നത് വലിയ മാറ്റമാണെന്നും അദ്ദേഹം പറഞ്ഞു. ജനന-മരണ വിവാഹ രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള സേവനങ്ങൾ കെ-സ്മാർട്ട് വഴി ഇനി അതിവേഗം ലഭ്യമാകും.

**&&&&&&&&&&&&&&&&&&&**

**RAIN KERALA**

കേരളത്തിൽ ഇന്നും ഇടിമിന്നലോട് കൂടിയ ഒറ്റപ്പെട്ട മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മലപ്പുറം, വയനാട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതാ നിർദ്ദേശമുണ്ട്. കന്യാകുമാരി തീരത്ത് കടലാക്രമണത്തിനു സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം.

&&&&&&&&&&&&&&&&&&&

**Puttingal tragedy 9th anniversary (INTRO)**

***ഇന്ന് പുറ്റിങ്ങൽ വെടിക്കെട്ട് ദുരന്തത്തിന്റെ ഒൻപതാം ഓർമ്മദിനം. 2016 ഏപ്രിൽ പത്തിനായിരുന്നു കേരളത്തെ നടുക്കിയ ദുരന്തം.***

***വിശദാംശങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാപ്രതിനിധി നീരജ് ലാൽ.***

***(വോയിസ്)***

&&&&&&&&&&&&&&&&&&&

**SREE PADMANABHA SWAMI TEMPLE**

ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിലെ പൈങ്കുനി ഉത്സവത്തോടനുബന്ധിച്ചുള്ള പള്ളിവേട്ട ഇന്ന് നടക്കും. സുന്ദരവിലാസം കൊട്ടാരത്തിനു മുന്നിൽ തയ്യാറാക്കുന്ന വേട്ടക്കളത്തിലാണ് പള്ളിവേട്ട. നാളെ വൈകുന്നേരം അഞ്ച് മണിയോടെ ആറാട്ട് ചടങ്ങുകൾ ആരംഭിക്കും. പൈങ്കുനി ആറാട്ട് ഘോഷയാത്രയുടെ ഭാഗമായി തിരുവനന്തപുരം രാജ്യാന്തര വിമാനത്താവളത്തിലെ റൺവേ നാളെ വൈകുന്നേരം 4.45 മുതൽ രാത്രി ഒൻപത് വരെ അടച്ചിടും. ഈ സമയത്തുള്ള ആഭ്യന്തര, രാജ്യാന്തര വിമാന സർവീസുകൾ പുനഃക്രമീകരിച്ചിട്ടുണ്ട്. പുതുക്കിയ സമയക്രമം അതത് എയർലൈനുകളിൽ നിന്നു ലഭ്യമാണെന്ന് വിമാനത്താവള അധികൃതർ അറിയിച്ചു.

&&&&&&&&&&&&&&&&&&&

**HEADLINE-6**

**CRICKET – LOS ANGELES OLYMPICS**

2028 ലോസ് ഏഞ്ചൽസ് ഒളിമ്പിക്സിൽ ക്രിക്കറ്റ് മത്സരങ്ങൾ ട്വന്റി- 20 ഫോർമാറ്റിൽ നടത്തുമെന്ന് അന്താരാഷ്ട്ര ഒളിമ്പിക് കമ്മിറ്റി അറിയിച്ചു. പുരുഷ, വനിതാ ടൂർണമെന്റുകളിൽ ആറ് ടീമുകൾ വീതം മത്സരിക്കും. ക്രിക്കറ്റ് മത്സരങ്ങൾക്കുള്ള വേദികൾ ഇതുവരെ അന്തിമമാക്കിയിട്ടില്ല. വരാനിരിക്കുന്ന ഒളിമ്പിക്സിൽ ഉൾപ്പെടുത്തുന്ന അഞ്ച് പുതിയ കായിക

ഇനങ്ങളിൽ ഒന്നാണ് ക്രിക്കറ്റ്. ഒളിമ്പിക്സിലെ അത്‌ലറ്റ് ക്വാട്ടയും ഇന്നലെ ചേർന്ന ഒളിമ്പിക് കമ്മിറ്റി എക്സിക്യൂട്ടീവ് ബോർഡ് യോഗം അംഗീകരിച്ചു.

**&&&&&&&&&&&&&&&&&&&&**

## HEADLINE-6A

### IPL

ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബംഗളൂരു , ഡൽഹി ക്യാപിറ്റൽസുമായി ഏറ്റുമുട്ടും. രാത്രി 7.30 നാണ് മത്സരം.

**&&&&&&&&&&&&&&&&&&&&**

### SHOOTING-ISSF WORLD CUP

അർജന്റീനയിലെ ബ്യൂണസ് അയേഴ്സിൽ നടക്കുന്ന ISSF ഷൂട്ടിങ് ലോകകപ്പിൽ 10 മീറ്റർ മിക്സഡ് എയർ റൈഫിൾ ഇനത്തിൽ ഇന്ത്യയുടെ ആര്യ ബോർസെ - രുദ്രാങ്ക്ഷ് പാട്ടീൽ സഖ്യത്തിന് വെള്ളി മെഡൽ. ഫൈനലിൽ ചൈനീസ് താരങ്ങളോടാണ് ഇന്ത്യൻ ജോഡി പരാജയപ്പെട്ടത്. ഇതോടെ നാല് സ്വർണ്ണവും രണ്ട് വെള്ളിയും ഒരു വെങ്കലവും ഉൾപ്പടെ ഏഴു മെഡലുകളുമായി പട്ടികയിൽ രണ്ടാം സ്ഥാനത്താണ് ഇന്ത്യ. ചൈനയാണ് ഒന്നാമത്.

**&&&&&&&&&&&&&&&&&&&&**

### WORLD HOMEOPATHY DAY

ഇന്ന് ലോക ഹോമിയോപ്പതി ദിനം. ലോകത്തിലെ രണ്ടാമത്തെ വലിയ വൈദ്യശാസ്ത്ര സമ്പ്രദായമാണ് ഹോമിയോപ്പതി. ആയുഷ് മന്ത്രാലയത്തിൻറെ കണക്കുപ്രകാരം, രാജ്യത്ത് 100 ദശലക്ഷത്തിലധികം ആളുകൾ ഹോമിയോപ്പതിയെ ആശ്രയിക്കുന്നു. ഡോ.സാമുവൽ ഹാനിമാന്റെ ജന്മവാർഷികമാണ് ലോക ഹോമിയോപ്പതി ദിനമായി ആചരിക്കുന്നത്.

**&&&&&&&&&&&&&&&&&&&&**

### TRUMP-TARRIF

യുഎസ് ഉൽപന്നങ്ങൾക്ക് അമിതമായ ഇറക്കുമതി തീരുവ ഈടാക്കുന്നുവെന്ന് ആരോപിച്ച് ചുമത്തിയ പകരച്ചുങ്കം 90 ദിവസത്തേക്ക് മരവിപ്പിച്ച് അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപ്. എന്നാൽ ചൈനയ്ക്ക് ഇളവ് നൽകാതിരുന്ന ട്രംപ്, ഇറക്കുമതി തീരുവ 125 ശതമാനമാക്കി ഉയർത്തുകയും ചെയ്തു. ചൈന ഒഴികെയുള്ള മറ്റ് രാജ്യങ്ങൾക്ക് അടിസ്ഥാന തുക പത്ത് ശതമാനമായിരിക്കും. ലോക വിപണിയോട് ചൈന കാണിച്ച ബഹുമാനരഹിതമായ നടപടിയുടെ അടിസ്ഥാനത്തിലാണ് തീരുവ ഉയർത്തിയതെന്ന് ട്രംപ് പറഞ്ഞു. എന്നാൽ അമേരിക്കയിൽ നിന്നും ഇറക്കുമതി ചെയ്യുന്ന എല്ലാ ഉൽപ്പന്നങ്ങൾക്കും 84 ശതമാനം തീരുവയാണ് ചൈന ഏർപ്പെടുത്തിയിരിക്കുന്നത്.

&&&&&&&&&&&&&&&&&&&

**YEMEN VP - HOUTHIS**

യെമനിൽ, ഹൂതി വിഭാഗം ഉയർത്തുന്ന ഭീഷണികളെ ചെറുക്കാൻ യെമൻ സർക്കാരിനെ സഹായിക്കണമെന്ന് അന്താരാഷ്ട്ര സമൂഹത്തോട് അഭ്യർത്ഥിച്ച് പ്രസിഡൻഷ്യൽ ലീഡർഷിപ്പ് കൗൺസിൽ വൈസ് പ്രസിഡന്റ് താരിഖ് സാലിഹ്. യെമനിലെ യുഎസ് അംബാസഡർ സ്റ്റീവൻ ഫാഗിനുമായി നടത്തിയ ഓൺലൈൻ യോഗത്തിലാണ് അദ്ദേഹം ഇക്കാര്യം ആവശ്യപ്പെട്ടത്. ഹൂതി കേന്ദ്രങ്ങൾക്കെതിരെ യുഎസ് സൈനിക നടപടികൾ തുടരുമെന്നും യെമന് അമേരിക്കയുടെ പൂർണ്ണ പിന്തുണയുണ്ടാകുമെന്നും അംബാസഡർ ഫാഗിൻ വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&